1432 ജ. ആഖിര്‍ 9 | 1186 മേടം 30

സിറാജ്

NMC Reg. No. 1/105903/19491
PUBLISHED FROM DUBAI, KOZHIKODE,
THIRUVANANTHAPURAM, KOCHI AND KANNUR

അലംഭാവത്തിന്റെ പരിണതി

നാടിനെ നടുക്കിയ ഭോപ്പാല്‍ വിഷവാതക ദുരന്ത കേസിലെ പ്രതികള്‍ക്ക് ശിക്ഷ കുറഞ്ഞുപോയതിനെതിരെ സി ബി ഐ സമര്‍പ്പിച്ച തിരുത്തല്‍ ഹരജി സുപ്രീം കോടതി നിരാകരിച്ചതില്‍ അതിശയിക്കാനൊന്നുമില്ല. രോഗി ഇച്ഛിച്ചത് തന്നെയാണ് വൈദ്യന്‍ കല്‍പ്പിച്ചത്! ബഹുരാഷ്ട്ര കുത്തക കമ്പനിക്ക് ആയിരക്കണക്കിന് പാവപ്പെട്ട പൗരന്മാരെ 'കുരുതി കൊടുത്ത' ഭരണാധികാരികള്‍ക്ക് മുഖം രക്ഷിക്കാന്‍ ഇത് തുണയായിരിക്കയാണ്. വാതക ചോര്‍ച്ചക്ക് ഉത്തരവാദികളായവര്‍ക്ക് കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കാന്‍ തങ്ങള്‍ 'അങ്ങേയറ്റം' ശ്രമിച്ചെന്നും എന്നാല്‍ നീതിപീഠം വഴങ്ങാത്തതിനാല്‍ വിജയിച്ചില്ലെന്നും ഇനി വര്‍ക്ക് വാചാലമാകാമല്ലോ. സുപ്രീം കോടതി ഉത്തരവ് അംഗീകരിക്കുന്നുവെന്ന് ഉടനെ പ്രതികരിച്ചിരിക്കയാണ് കേന്ദ്ര സര്‍ക്കാര്‍. കോടതി വിധി മാനിക്കാന്‍ ജനാധിപത്യത്തില്‍ എല്ലാവരും ബാധ്യസ്ഥരാണ്. പ്രത്യേകിച്ച്, ഭരണഘടനാ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവര്‍. എന്നുവെച്ച് അതിന് വഴിയൊരുക്കിയ അലംഭാവങ്ങളുടെ ഉത്തരവാദിത്വമൊഴിയാന്‍ ഭരണാധികാരികള്‍ക്കാവില്ല. സി ബി ഐയുടെ തിരുത്തല്‍ ഹരജി പരമോന്നത കോടതി തള്ളാനിടയാക്കിയത് ആ കുറ്റാന്വേഷണ ഏജന്‍സിയെ നയിക്കുന്നവരുടെ നിഷ്‌ക്രിയതയാണെന്നു പറയാതെ വയ്യ.

1984 ഡിസംബര്‍ രണ്ടിന് രാത്രിയിലും മൂന്നിന് പുലര്‍ച്ചെയുമായി മധ്യപ്രദേശിലെ ഭോപ്പാല്‍ പ്ലാന്റില്‍ നിന്ന് മീഥൈല്‍ ഐസോസയനേറ്റ് വാതകം ചോര്‍ന്ന് കാല്‍ ലക്ഷത്തോളമാളുകളാണ് മരിച്ചത്. ഭവിഷ്യത്തുകള്‍ വിവിധ രൂപത്തില്‍ തലമുറകളെ വേട്ടയാടുകയുമാണ്. യൂനിയന്‍ കാര്‍ബൈഡ് കമ്പനിയുടെ വീഴ്ച മൂലമുണ്ടായ ദുരന്തത്തെ 'കൂട്ടക്കൊല'യെന്നാണ് കാര്യബോധമുള്ളവരെല്ലാം അന്ന് വിശേഷിപ്പിച്ചത്. അതിന്റെ ഗൗരവം ' ബോധ്യപ്പെടാത്തത്' ഭരണകൂടങ്ങള്‍ക്ക് മാത്രമാണ്. 'കൊലയാളികളു' മായി ഒത്തുകളിച്ച് ദുരന്ത ബാധിതരെ അവഗണിക്കുകയായിരുന്നു അവര്‍. ദുരന്തം വിതച്ച അമേരിക്കന്‍ കമ്പനിയുടെ തലവന്‍ വാറണ്‍ ആന്‍ഡേഴ്‌സണ് രായ്ക്കുരാമാനം നാടുവിടാന്‍ അവസരമൊരുക്കുകയായിരുന്നല്ലോ. 1989ല്‍ നിശ്ചയിച്ച നഷ്ടപരിഹാര തുക ഇരകളുടെ മുറിവില്‍ ഉപ്പ് തേക്കുന്ന തരത്തിലായിരുന്നു. വേട്ടക്കാരെ സംരക്ഷിക്കാന്‍ അനുവര്‍ത്തിച്ച അനീതികളുടെ പരിണതിയായിരുന്നു പ്രതികള്‍ക്ക് ലഘുവായ ശിക്ഷമാത്രം ചുമത്തിക്കൊണ്ടുള്ള സുപ്രീം കോടതി വിധി. അത് പുനപ്പരിശോധിക്കണമെന്ന് കാണിച്ച് സി ബി ഐ സമര്‍പ്പിച്ച ഹരജി തള്ളിയത് അവയുടെ പൂര്‍ത്തീകരണമായിരിക്കയുമാണ്.

ഭോപ്പാല്‍ കേസില്‍ വിധി വന്നത് കാല്‍ നൂറ്റാണ്ടിനു ശേഷം കഴിഞ്ഞ വര്‍ഷം ജൂണ്‍ ഏഴിനാണ്. പ്രതികളായ യൂനിയന്‍ കാര്‍ബൈഡ് ഉദ്യോഗസ്ഥരെ രണ്ടു കൊല്ലത്തെ തടവിനും ഒരു ലക്ഷം രൂപ പഴിയടക്കാനും മാത്രമാണ് ഭോപ്പാലിലെ വിചാരണ കോടതി ശിക്ഷിച്ചത്. സുപ്രീം കോടതിയുടെ 1996ലെ ഉത്തരവാണ് ഇതിലേക്ക് നയിച്ചത് എന്നാണ് ആക്ഷേപം. യൂനിയന്‍ കാര്‍ബൈഡ് ഇന്ത്യയുടെ ചെയര്‍മാന്‍ കേശബ് മഹീന്ദ്രക്കും മറ്റുമെതിരെ കുറ്റകരമായ നരഹത്യക്ക്, പത്ത് വര്‍ഷം വരെ തടവ് ലഭിക്കാവുന്ന വകുപ്പു പ്രകാരമായിരുന്നു ആദ്യം കേസെടുത്തത്. എന്നാല്‍ ഇതൊഴിവാക്കി പരമാവധി രണ്ട് വര്‍ഷത്തെ തടവ് അനുശാസിക്കുന്ന, ഇന്ത്യന്‍ ശിക്ഷാ നിയമത്തിലെ 304 (എ) വകുപ്പ് പ്രകാരം അശ്രദ്ധ മൂലമുള്ള മരണത്തിന് കേസെടുത്താല്‍ മതിയെന്ന് നിര്‍ദേശിക്കുകയായിരുന്നു സുപ്രീം കോടതി. അതടിസ്ഥാനത്തിലാണ് വിചാരണക്കോടതി പ്രതികളെ ശിക്ഷിച്ചത്. ആ വിധി വന്‍ വിവാദമായതിനെത്തുടര്‍ന്നാണ് കേന്ദ്ര സര്‍ക്കാറിന്റെ തീരുമാനാനുസൃതം ഉയര്‍ന്ന ശിക്ഷ നിര്‍ദേശിക്കുന്ന വകുപ്പ് പ്രകാരം കുറ്റാരോപണം പനസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സി ബി ഐ ഹരജി നല്‍കിയത്.

ഇരകളുടെ പക്ഷത്തായിരുന്നു ഭരണകൂടമെങ്കില്‍ പ്രതികള്‍ക്ക് നിയമം അനുശാസിക്കുന്ന വലിയ ശിക്ഷ വാങ്ങിക്കൊടുക്കാന്‍ അവര്‍ തുടക്കത്തിലേ ചുവടുവെപ്പുകള്‍ എടുക്കുമായിരുന്നു. വാസ്തവത്തില്‍ പ്രോസിക്യൂഷന്‍ നിരത്തിയ തെളിവുകള്‍ ദുര്‍ബലമായതിനാലാണ് സുപ്രീം കോടതി പ്രതികളുടെ ശിക്ഷ ലഘൂകരിച്ചത്. സ്വന്തം അലംഭാവത്തിന് തുടര്‍ച്ചയുണ്ടാകണമെന്ന് ശഠിക്കുന്നതു കൊണ്ടു തന്നെയാകണമല്ലോ, വിചാരണ കോടതിയുടെ സ്വഭാവത്തെപ്പറ്റി നേരത്തെ അറിയാമായിരുന്നിട്ടും സുപ്രീം കോടതിയില്‍ തിരുത്തല്‍ ഹരജി കൊടുക്കാന്‍ പതിനാല് വര്‍ഷം കാത്തിരുന്നത്? പ്രതികള്‍ക്കുള്ള ശിക്ഷ കൂട്ടിക്കിട്ടാന്‍ മറ്റ് കോടതികളെ സമീപിക്കുന്നതിന് 1996ലെ വിധി തടസ്സമല്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. അതിനാല്‍ ദുരന്ത ബാധിതര്‍ക്ക് നീതി ലഭ്യമാക്കാന്‍ ആത്മാര്‍ഥമായി ആഗ്രഹിക്കുന്നുവെങ്കില്‍ വിചാരണക്കോടതി വിധിക്കെതിരെ സമീപിച്ച സെഷന്‍സ് കോടതിയില്‍ ശക്തമായ തെളിവുകള്‍ നിരത്തി പ്രതികളെ പ്രതിരോധത്തിലാക്കുകയാണ് ഭരണകൂടം ചെയ്യേണ്ടത്.

എന്തൊരു കൗതുകം. കോഴിക്കോട്ടെ മുടിക്ക് ചുരുങ്ങിയത് രണ്ട് സനദെങ്കിലുമുണ്ടെന്ന് ഡോ. നദ്‌വി കൗതുകം കൊള്ളുന്നു. അതില്‍ ഒന്ന് സനദല്ലെന്നും ശൈഖ് അഹമദ് ഖസ്‌റജിയുടെ വംശാവലിയാണെന്നും വിശദീകരിക്കുന്നു. എങ്കില്‍ പിന്നെ രണ്ട് സനദെവിടെ? ഒന്ന് സനദും രണ്ടാമത്തേത് വംശാവലിയുമല്ലേ? ഇത് രണ്ടും ഉദ്ധരിക്കുന്നത് എങ്ങനെയാണ് പരസ്പര വിരുദ്ധമാവുക?

തിരുകേശം: വിവാദത്തിന് പിന്നില്‍ അജന്‍ഡയുണ്ട്

മാളിയേക്കല്‍ സുലൈമാന്‍ സഖാഫി

ഞാന്‍ വല്ലാത്ത ആകാംക്ഷയിലായിരുന്നു. ഞായറാഴ്ച നടക്കുന്ന ചെമ്മാട് സര്‍വകലാശാലയുടെ വാര്‍ഷിക യോഗത്തില്‍ വെച്ച് കേരളത്തെ അനുഗൃഹീതമാക്കിയ തിരുകേശത്തിനെതിരെ കൂടുതല്‍ തെളിവുകള്‍ പുറത്തുവിടുമെന്ന 'അന്താരാഷ്ട്ര മുസ്‌ലിം പണ്ഡിതന്‍' ഡോ. ബഹാഉദ്ദീന്‍ നദ്‌വിയുടെ പ്രഖ്യാപനമായിരുന്നു ആകാംക്ഷക്ക് നിമിത്തം. അസാധാരണമായി ഒന്നും സംഭവിച്ചില്ല. എലി എലിയെ തന്നെ പ്രസവിച്ചു. യോഗാനന്തരം പുറത്ത് വന്ന വാര്‍ത്തകളിലൊന്നില്‍ പോലും 'കൂടുതല്‍ തെളിവുകളോ' തെളിവുകളോ കണ്ടില്ല. പ്രൊ. ചാന്‍സലറുടെ പേരില്‍ എഴുതിയ ഒരു പ്രസ്താവന പത്രങ്ങളിലുണ്ട്. അവഗണിക്കാവുന്നതേയുള്ളൂ. അതില്‍ കണ്ട ഒരു പദം പോലും സ്വന്തം നിലയില്‍ ഉച്ചരിക്കാന്‍ കഴിയുന്ന ആളല്ല പ്രൊ. ചാന്‍സലറെന്ന് അദ്ദേഹത്തെ പരിചയമുള്ള ആര്‍ക്കുമറിയാം.

തിരുകേശത്തിന്റെ മഹത്വം അവിതര്‍ക്കിതമാണ്. ആധികാരികതയിലാണ് തര്‍ക്കമെങ്കില്‍ മനസ്സിലാക്കാം. പക്ഷേ, ഇവിടെ തര്‍ക്കം അതിലുമല്ല. കേരളത്തില്‍ തിരുകേശമെത്തുന്നത് ഇത് രണ്ടാം തവണയാണ്. ബറകാതീ സയ്യിദന്മാരില്‍ നിന്നും ലഭ്യമായ കേശവും വിവാദമായിരുന്നു. സനദില്ലാത്തത് കൊണ്ടായിരുന്നോ? അല്ല. സനദ് മര്‍കസില്‍ വന്ന് 'സര്‍വകലാശാലാ' പ്രതിനിധി പരിശോധിച്ചതാണല്ലോ. എന്തെങ്കിലും അപാകതകള്‍ അദ്ദേഹമോ ബന്ധപ്പെട്ടവരോ ചൂണ്ടിക്കാണിച്ചിരുന്നില്ല. പിന്നേയും വിവാദം തുടര്‍ന്നു. അപ്പോള്‍ തര്‍ക്കത്തിന്റെ ഉറവിടം ആധികാരികതയല്ല. മറ്റെന്തോ ആണ്. അതിപ്പോള്‍ കേരളം തിരിച്ചറിഞ്ഞ് തുടങ്ങിയിരിക്കുന്നു.

തിരുകേശ കാര്യത്തില്‍ കേരളത്തില്‍ ഉയരുന്ന ബഹളം ദുരൂഹമാണ്. ഖസ്‌റജി കുടുംബത്തില്‍ നിന്നും ലഭ്യമായ തിരുകേശമാണ് ഇപ്പോള്‍ വിവാദത്തിന്റെ കേന്ദ്രബിന്ദു. തിരുകേശം സൂക്ഷിക്കാനായി ഏല്‍പ്പിക്കപ്പെട്ടു എന്നത് മാത്രമാണ് കാന്തപുരത്തിന്റെ ഈ വിഷയത്തിലുള്ള പങ്കാളിത്തം. ഏല്‍പ്പിക്കുന്നത് ഖസ്‌റജി കുടുംബത്തിലെ പ്രമുഖ അംഗമായ അഹ്മദ്ഖസ്‌റജിയാണ്. യു എ ഇ യിലെ ഔഖാഫ് മന്ത്രിയും ആദരണീയ പണ്ഡിതനുമായിരുന്ന മര്‍ഹൂം ശൈഖ് മുഹമ്മദ് ഖസ്‌റജിയുടെ പുത്രനാണ് അദ്ദേഹം. മദീനയിലെ അന്‍സാരി ഗോത്രമാണ് ഖസ്‌റജി. അഹമദ് ഖസ്‌റജി കാന്തപുരത്തെ തിരുകേശമേല്‍പ്പിക്കുന്നത് സ്വകാര്യമായല്ല. ലക്ഷങ്ങള്‍ നോക്കിനില്‍ക്കെയാണ്. ഈജിപ്തിലെ ഗ്രാന്റ് മുഫ്തി ഉള്‍പ്പെടെ രാജ്യാന്തര പ്രശസ്തരായ പണ്ഡിതന്മാര്‍ അണിനിരന്ന വേദിയില്‍ വെച്ചായിരുന്നു ആ കൈമാറ്റം. അഹമദ് ഖസ്‌റജി യു എ ഇയില്‍ ഇന്നും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹവുമായി ബന്ധപ്പെടാന്‍ നിരവധി മാര്‍ഗങ്ങളുണ്ട്. ചെമ്മാട് സര്‍വകലാശാലയില്‍ നിന്ന് തന്നെ പലരും അവിടം സന്ദര്‍ശിച്ചതും ഒരു മുടി നാരിന് വേണ്ടി കെഞ്ചി നോക്കിയതുമാണ്. എന്തുകൊണ്ട് അവിടം വരേ പോയി അദ്ദേഹം കാന്തപുരത്തെ ഏല്‍പ്പിച്ച തിരുകേശത്തിന്റെ ആധികാരികതയെ കുറിച്ച് ഇവര്‍ക്ക് ഖസ്‌റജിയുമായി സംസാരിച്ചുകൂടാ? പക്ഷേ, അപ്പോള്‍ വിവാദം തീരുമല്ലോ? അങ്ങനെ പിന്‍മാറാന്‍ പറ്റുന്നതാണോ വിഷയം? ഇന്ത്യയിലെ ഏറ്റവും വലിയ പള്ളി കാന്തപുരം നിര്‍മിക്കുകയോ? ഇതാണ് വിവാദത്തിന്റെ മര്‍മം. നിഷ്പക്ഷമതികളേ ക്ഷമിക്കുക. ഈ വിവാദം തീരില്ല.

ഇപ്പോള്‍ ഉയര്‍ന്ന് വന്ന ആരോപണങ്ങള്‍ ഓരോന്നായി പരിശോധിക്കാം. ഒന്ന്. 'ഖസ്‌റജിമുഖേന ലഭിച്ച ഒരു കഷ്ണം മുടി പ്രവാചകതിരുമേനിയുടേതെന്ന് കൊട്ടിഘോഷിക്കുന്നു.'

കൊട്ടിഘോഷം കാന്തപുരത്തിന്റേതായിരുന്നോ? ജനലക്ഷങ്ങള്‍ തക്ബീര്‍ ധ്വനികള്‍ മുഴക്കവേ പ്രബലമായ പരമ്പരകളിലൂടെ തനിക്ക് ലഭ്യമായ തിരുകേശമെന്ന് വിശേഷിപ്പിച്ചുകൊണ്ട് അത് കാന്തപുരത്തെ ഏല്‍പിക്കുന്നത് ശൈഖ് ഖസ്‌റജിയായിരുന്നു. ശൈഖ് ഖസ്‌റജിയുടേത് കൊട്ടിഘോഷമോ നുണപ്രചാരണമോ ആയിരുന്നോ? ഡോ. നദ്‌വി പറയണം.

രണ്ട്. 'വിശ്വാസികളെ വഞ്ചിച്ച് ലാഭം കൊയ്യാനുള്ള നിഗൂഢ തന്ത്രമാണ് ഈ മുടിയാട്ടം.'

ഈ ആരോപണം അവ്യക്തമാണ്. ലാഭം പ്രയോഗം ദുരൂഹവും. പള്ളി നിര്‍മാണത്തിനാണ് പണം സ്വരൂപിക്കുന്നത്. ഇവിടെ ലാഭമെവിടെ? ശരിയാണ്. സംഭാവനകള്‍ നല്‍കുന്ന വിശ്വാസികള്‍ക്ക് പാരത്രീക ലോകത്ത് ഇത് ലാഭം തന്നെയാണ്. നദ്‌വി പറയുന്ന മുടിയാട്ടത്തില്‍ ഒന്നാം പ്രതി ആര്? ശൈഖ് ഖസ്‌റജിയോ? വൈസ് ചാന്‍സലര്‍ വ്യക്തമാക്കണം.

മൂന്ന്. തിരുകേശത്തിന്റെ സൂക്ഷിപ്പ് കേന്ദ്രങ്ങള്‍ ഡോ. നദ്‌വി *മാധ്യമം* ലേഖനത്തില്‍ വിശദീകരിക്കുന്നു. തന്റെ സഹപ്രവര്‍ത്തകന്‍ ഫൈസി പുറത്ത് വിട്ട തിരുകേശ സൂക്ഷിപ്പുകേന്ദ്രങ്ങളില്‍ ശൈഖ് അഹമദ് ഖസ്‌റജിയുടെ വീടുമുണ്ടായിരുന്നു. വൈസ് ചാന്‍സലര്‍ അത് തന്ത്രപരമായി വിട്ട്കളഞ്ഞിരിക്കുന്നു. അപ്പോള്‍ വിവാദം സനദാണോ? അതോ പള്ളിയോ.?

ഡോ. നദ്‌വി പുറത്ത് വിട്ട 'അന'ഫലിതം ഉയര്‍ത്തിയ ചിരിയലകള്‍ തീരുന്നതേയുള്ളൂ അപ്പോഴേക്കുമതാ *മാധ്യമം* വഴി പുതിയ ഫലിതകൗതുകം വന്നിരിക്കുന്നു. വൈസ് ചാന്‍സലര്‍ തന്നെയാണ് ഉപജ്ഞാതാവ്. ഒന്നാം ഫലിതം ഇങ്ങനെ, ശൈഖ് ഖസ്‌റജി കാന്തപുരത്തെ ഏല്‍പ്പിച്ച കൈമാറ്റ രേഖ വിശദീകരണ വേളയില്‍ വൈസ്ചാന്‍സലറുടെ അറബി പാണ്ഡിത്യം തുളുമ്പിത്തൂവുകയായിരുന്നു. സനദില്‍ ശൈഖ് ഖസ്‌റജി രേഖപ്പെടുത്തുന്ന അറബി ഭാഷയിലെ സര്‍വ നാമമായ 'അന' എവിടെ ഫിറ്റ് ചെയ്യണമെന്നറിയാതെ ഡോ. നദ്‌വി പരിഭ്രമിച്ചു. കുഴങ്ങി. വശംകെട്ടു. ജനം അത് കണ്ട് ചിരിച്ചു. സര്‍വകലാശാലയിലെ കുട്ടികളുടെ ഗതികേടോര്‍ത്ത് സഹതപിച്ചു. അപമാനകരം.

നാല്. ഇനിയാണ് രണ്ടാം കൗതുകം. എന്നാല്‍ കോഴിക്കോട്ടെ ഒരു മുടിക്ക് ചുരുങ്ങിയത് രണ്ട് സനദെങ്കിലുമുണ്ട് എന്നതാണ് കൗതുകകരമായ വസ്തുതയെന്ന് ഡോക്ടര്‍ നദ്‌വി പരിഹസിക്കുന്നു. മുടി ദാതാവായ അഹമദ് *സുന്നിവോയ്‌സി*ന് നല്‍കിയ അഭിമുഖത്തില്‍ വ്യക്തമാക്കിയതാണ് ഒന്ന്. ഹസ്‌റത്ത് ഉമ്മു സുലൈം വഴി ശൈഖ് ജീലാനിയിലൂടെ ലഭിച്ചത്. മറ്റൊന്ന് സമ്മേളന വേദിയില്‍ വായിക്കപ്പെട്ടത് അഹ്മദിന്റെ വംശാവലിയായിരുന്നു. കേശത്തിന്റെ കൈമാറ്റ പരമ്പരയല്ല. (*മാധ്യമം*)

എന്തൊരു കൗതുകം. കോഴിക്കോട്ടെ മുടിക്ക് ചുരുങ്ങിയത് രണ്ട് സനദെങ്കിലുമുണ്ടെന്ന് ഇദ്ദേഹം കൗതുകം കൊള്ളുന്നു. അതില്‍ ഒന്ന് സനദല്ലെന്നും ശൈഖ് അഹമദ് ഖസ്‌റജിയുടെ വംശാവലിയാണെന്നും വിശദീകരിക്കുന്നു. എങ്കില്‍ പിന്നെ രണ്ട് സനദെവിടെ? ഒന്ന് സനദും രണ്ടാമത്തേത് വംശാവലിയുമല്ലേ? ഇത് രണ്ടും ഉദ്ധരിക്കുന്നത് എങ്ങനെയാണ് പരസ്പര വിരുദ്ധമാവുക?

മര്‍കസ് സമ്മേളന വേദിയില്‍ തന്റെ വംശാവലി ഉദ്ധരിക്കുന്നതും ഖസ്‌റജി കുടുംബത്തിന്റെ ആധികാരികത മീഡിയ ഉള്‍പ്പെടെയുള്ള സദസ്സിനെ ബോധ്യപ്പെടുത്തുന്നതും ശൈഖ് ഖസ്‌റജിയാണ്. *സുന്നിവോയ്‌സി*ന് നല്‍കിയ അഭിമുഖത്തില്‍ വംശാവലിയെ കുറിച്ചല്ല, സനദിനെ കുറിച്ചാണ് ചോദ്യം. ആ ചോദ്യത്തിന്റെ മറുപടിയില്‍ തിരുകേശം തനിക്ക് ലഭ്യമായ പരമ്പര വിശദീകരിക്കുന്നതും ഖസ്‌റജിയാണ്. എങ്കില്‍ ഇവര്‍ അവിശ്വസിക്കുന്നത് ശൈഖ് അഹമദ് ഖസ്‌റജിയേയോ? ശൈഖ് അബൂബക്കര്‍ അഹമദിനെയോ? സുഹൃത്തുക്കളേ, പറയാം. തര്‍ക്കം പരമ്പരയിലോ, ആധികാരികതയിലോ അല്ല. പള്ളിയിലാണ്. നാല്‍പ്പത് കോടിയുടെ പള്ളിയില്‍. അത് തീരാനുള്ളതാണോ?

അഞ്ച്: 'വംശാവലി ഉദ്ധരിച്ചത് മുടിയുടെ കൈമാറ്റ ശൃംഖലയാണിതെന്ന് ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനായിരുന്നു.'

ഡോ. നദ്‌വീ, നുണ പറയരുത്. മര്‍കസ് സമ്മേളനത്തില്‍ ഈ വംശാവലി ജനങ്ങളെ വായിച്ച് കേള്‍പ്പിക്കുന്നത് ശൈഖ് അഹമദ് ഖസ്‌റജിയുടെ പ്രതിനിധിയായി ഒരു അറബി പണ്ഡിതനായിരുന്നു. കാന്തപുരമല്ല. കുടുംബത്തിന്റെ ആധികാരികത വ്യക്തമാക്കാനായിരുന്നു ഇത്. ശൈഖ് അഹമദ് ഖസ്‌റജി ബഹുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്ന് താങ്കള്‍ പറയുമോ? താങ്കളുടെ ഭാഷയില്‍ വംശാവലി കൈമാറ്റ ശൃംഖലയാണെന്ന് ബഹുജനങ്ങളെ തെറ്റുദ്ധരിപ്പിക്കുന്ന ശൈഖ് ഖസ്‌റജി തന്നെ പിന്നീട് *സുന്നിവോയ്‌സ്* അഭിമുഖത്തില്‍ കൈമാറ്റ ശൃംഖല (സനദ്) വ്യക്തമാക്കിയല്ലോ. എവിടെ പ്രശ്‌നം? വൈരുധ്യം? തെറ്റിദ്ധരിപ്പിക്കല്‍? അപ്പോള്‍ താങ്കളുടെ പ്രശ്‌നം സനദല്ല. പള്ളിയാണ്, പള്ളി.

ആറ്: ഡോക്ടര്‍ നദ്‌വിക്ക് സംശയങ്ങള്‍ ഏറി വരുകയാണ്. മുടിയുടെ എണ്ണത്തിലും നീളത്തിലുമൊക്കെ ഇപ്പോള്‍ അദ്ദേഹത്തിന് സംശയമുണ്ട്. തീരാനുള്ള സംശയമാണെങ്കില്‍ ഇതൊന്നും അത്രപ്രശ്‌നമല്ല. അഹമദ് ഖസ്‌റജി ജീവിച്ചിരിപ്പുണ്ടല്ലോ. ബഹളമുണ്ടാക്കി സമുദായികാന്തരീക്ഷം മലിനമാക്കേണ്ടതില്ല. അദ്ദേഹത്തെ നേരില്‍ സന്ദര്‍ശിച്ച് മുടിയുടെ എണ്ണത്തെ കുറിച്ചും നീളത്തെകുറിച്ചുമെല്ലാം ചോദിക്കാന്‍ അവസരമുണ്ടല്ലോ? എന്തിന് കാന്തപുരത്തെ പഴിചാരണം? അപ്പോള്‍ തര്‍ക്കം തിരുകേശത്തിന്റെ എണ്ണമോ നീളമോ അല്ലെന്ന് വരുന്നു.

ഏഴ്: പ്രവാചകന്റെ തിരുകേശം സൂക്ഷിക്കാനായി ഒരു കൊച്ചു മസ്ജിദ് പോലും ലോകത്ത് നിര്‍മിക്കപ്പെട്ടില്ലെന്ന് ഡോ. നദ്‌വി പറയുന്നുണ്ട്. അപ്പോള്‍ അതാണ് കാര്യം. നാല്‍പ്പത് കോടിയുടെ പള്ളി, ഇന്ത്യയിലെ ഏറ്റവും വലിയ മസ്ജിദ് കാന്തപുരം നിര്‍മിക്കുന്നു. പരിഭ്രമം വേണ്ട. പള്ളി നിസ്‌കാരത്തിനുള്ളതാണ്. തിരുകേശം ഒരു ഭാഗത്ത് സൂക്ഷിക്കുന്നത് നിസ്‌കാരത്തിന് തടസമല്ല. തിരുകേശത്തിന് അര്‍ഹിക്കുന്ന ബഹുമാനവുമായി. ഹജറുല്‍ അസ്‌വദോ, ഇബ്‌റാഹീം മഖാമോ സൂക്ഷിക്കപ്പെടുന്നത് മസ്ജിദുല്‍ ഹറാമില്‍ ആരാധനകള്‍ക്ക് തടസമല്ലല്ലോ. അവ കഅബയിലോ പള്ളിയിലോ ഉള്ള പ്രതിഷ്ഠകളാണെന്ന് ഇന്ന് വരേ ആര്‍ക്കും തോന്നിയിട്ടില്ല. അതായത് തിരുകേശം പ്രതിഷ്ഠയല്ല. പള്ളി അതിനുമാത്രവുമല്ല. സുഹൃത്തേ, ദയവായി പരിഭ്രമിക്കരുത്.

ധന ശേഖരണത്തിന്റെ കാര്യത്തിലുണ്ട്. ഡോ. നദ്‌വിക്ക് ആശങ്ക. കേരളത്തിനകത്തും പുറത്തും ഗള്‍ഫ് നാടുകളിലുമൊക്കെ ഇഷ്ടം പോലെ കൂപ്പണുകളടിപ്പിച്ച് വ്യാപകമായ ധനശേഖരണം നടത്തുകയാണ്. ആര് എത്ര കൂപ്പണ്‍ അടിപ്പിച്ചു. എത്ര സമാഹരണം നടന്നു എന്നൊന്നും മനസിലാക്കാന്‍ ഒരു സാഹചര്യവുമില്ല. ഭേഷ്! സര്‍ ഇങ്ങനെയാണോ താങ്കള്‍ ധനശേഖരണം നടത്തുന്നത്! മര്‍ക്കസ് ഓഫീസില്‍ നിന്നും ഉത്തരവാദപ്പെട്ടവര്‍ മുഖേന വിതരണം ചെയ്യപ്പെടുന്ന കൂപ്പണുകളാണ് ധനശേഖരണാര്‍ഥം വിതരണം ചെയ്യപ്പെടുന്നത്. നാട്ടിലും ഗള്‍ഫിലും. വിവിധ സമ്മേളനങ്ങളില്‍ വെച്ചും മറ്റുമായി കാന്തപുരം തന്നെയാണ് അത് ശേഖരിക്കുന്നത്. തോന്നുന്നവര്‍ കൂപ്പണ്‍ അച്ചടിപ്പിച്ച് തോന്നിയത് പോലെ ധനശേഖരണം നടത്തി ഒടുവില്‍ റസീപ്റ്റ് വിമാനത്തില്‍ നിന്ന് പാറിപ്പോകുന്ന ഏര്‍പ്പാട് കാന്തപുരം നേതൃത്വം നല്‍കുന്ന പ്രസ്ഥാനത്തിലില്ല മാഷേ. ഒരു വൈസ് ചാന്‍സലര്‍ ഇങ്ങനെയൊക്കെ ആകാമോ? കഷ്ടം.

ഇനിയുമുണ്ട് ആരോപണങ്ങള്‍. പ്രവാചക ശേഷിപ്പുകള്‍ സംബന്ധിച്ച് ഖസ്‌റജി കുടുംബം പ്രസിദ്ധീകരിച്ച പുസ്തകത്തില്‍ തിരുകേശത്തെ കുറിച്ച പരാമര്‍ശമില്ല. മറ്റേതോ രാജ്യത്തുള്ള ഒരാളുടെ പുസ്തകത്തിന്റെ പ്രസാധനം മാത്രമാണ് ഖസ്‌റജി കുടുംബം നിര്‍വഹിക്കുന്നത്. ഏതോ രാജ്യക്കാരന്‍ എഴുതിയ പുസ്തകത്തില്‍ എന്ത് കൊണ്ട് തന്റെ പക്കല്‍ സൂക്ഷിപ്പുള്ള തിരുകേശങ്ങളെ സംബന്ധിച്ച പരാമര്‍ശം ഉള്‍പ്പെട്ടില്ലെന്ന് വിശദീകരിക്കാന്‍ ഖസ്‌റജി തന്നെ ജീവിച്ചിരിപ്പുണ്ടല്ലോ? ഇ കെ അബൂബക്കര്‍ മുസ്‌ലിയാര്‍ക്ക് കാണിച്ച് കൊടുത്തില്ലെന്ന് മറ്റൊരു ആരോപണം. അതും ഖസ്‌റജി തീരുമാനിക്കേണ്ടതല്ലേ? ഇനി വേണമെങ്കില്‍ അക്കാര്യവും അന്വേഷണത്തില്‍ ഉള്‍പ്പെടുത്താമല്ലോ. തിരുകേശ ദാതാവ് ശൈഖ് അഹമദ് ഖസ്‌റജി ജീവിച്ചിരിക്കുമ്പോള്‍ ഇത്തരം ആരോപണങ്ങള്‍ ഉന്നയിക്കുന്നതിന് എന്താണ് പ്രസക്തി? ഒരു അന്താരാഷ്ട്ര മുസ്‌ലിം പണ്ഡിതനില്‍ നിന്ന് പ്രതീക്ഷിക്കാവുന്നതാണോ ഈ രീതി? അഹമദ് ഖസ്‌റജിക്കെതിരെയുള്ള മറ്റൊരു ആരോപണം ഇതാണ്. വന്ദ്യ പിതാവിന്റെ മരണശേഷം മകന്‍ അഹ്മദ് ഖസ്‌റജി എവിടെ നിന്നോ ഒപ്പിച്ചെടുത്തതാണീ മുടിക്കെട്ടുകള്‍.!!(*മാധ്യമം*) അപ്പോള്‍ ഇദ്ദേഹം അവിശ്വസിക്കുന്നത് ശൈഖ് അഹമദ് ഖസ്‌റജിയെ തന്നെയാണ്. അതിന് തീര്‍പ്പ് നല്‍കേണ്ടത് കാന്തപുരമല്ല. ശൈഖ് അഹമദ് ഖസ്‌റജിയാണ്.

വിമര്‍ശകരുടെ ആരോപണങ്ങള്‍ ഇങ്ങനെ ചുരുക്കിപ്പറയാം. പ്രവാചകന്‍ മുഹമ്മദ് നബിയുടെ പേരില്‍ ശൈഖ് ഖസ്‌റജി കളവ് പറയുകയായിരുന്നു. വംശാവലി ഉദ്ധരിച്ച് അത് തിരുകേശ കൈമാറ്റ ശൃംഖലയാണെന്ന് അദ്ദേഹം കേരളത്തെ തെറ്റിദ്ധരിപ്പിച്ചു. തിരുകേശമെന്ന പേരില്‍ വ്യാജ കേശം നല്‍കുക വഴി അദ്ദേഹം തിരുനബിയേയും മുസ്‌ലിം ഉമ്മത്തിനേയും ചതിച്ചു. ഇത്രയും കാര്യങ്ങള്‍ നമുക്ക് ശൈഖ് അഹമദ് ഖസ്‌റജിയുടെ പരിഗണനക്കായി വിടാം.

ഇവിടെ ഒരു ചോദ്യമുയരുന്നത് ഇതാണ്. ശൈഖ് അഹമദ് ഖസ്‌റജിക്ക് ഇതിന്റെയെല്ലാം ആവശ്യമെന്തായിരുന്നു? കാന്തപുരത്തില്‍ നിന്ന് അദ്ദേഹം പണം പ്രതീക്ഷിക്കുകയായിരുന്നോ? യു എ ഇ യിലെ കുലീനവും സമ്പന്നവുമായ ഒരു കുടുംബത്തിലെ പ്രമുഖ അംഗത്തെ കുറിച്ച് അങ്ങനെ ഒരു ആരോപണം വിമര്‍ശകര്‍ പോലും ഉന്നയിക്കുന്നില്ല. പിന്നെ എന്തിന് ശൈഖ് ഖസ്‌റജി പ്രവാചകന്‍ (സ) യുടെ പേരില്‍ കളവ് പറയണം? ഇതാണ് വിമര്‍ശകര്‍ക്ക് വിശദീകരിക്കേണ്ടത്. ശരിയാണ്. നബിയുടെ പേരില്‍ അവാസ്തവം പ്രചരിപ്പിക്കുന്നവര്‍ക്കെതിരെ കടുത്ത താക്കീത് നല്‍കുന്ന ഹദീസുകളുണ്ട്. പക്ഷേ, അവ പ്രബലമായ സനദോടെ ശൈഖ് അഹമദ് ഖസ്‌റജി കേരളത്തിന് കൈമാറിയ തിരുകേശത്തെ നിഷേധിക്കുന്നവര്‍ക്കും ബാധകമാണ്.

വീണ്ടും പറയാം. സംഭവിച്ചത് ഇതാണല്ലോ. ശൈഖ് ഖസ്‌റജി കാന്തപുരത്തെ തിരുകേശമേല്‍പ്പിക്കുന്നു. ഈ തിരുകേശം പ്രബലമായ സനദോടെ തനിക്ക് ലഭിച്ചതാണെന്ന് രേഖാമൂലം അറിയിക്കുന്നു. തിരുകേശം ലഭ്യമായ പരമ്പരയുടെ രൂപം അദ്ദേഹം *സുന്നിവോയ്‌സ്* അഭിമുഖത്തില്‍ വ്യക്തമാക്കുന്നു. തന്റെ കുടുംബ പരമ്പരയുടെ ആധികാരികതയും അദ്ദേഹം തെളിയിക്കുന്നു. ഇനിയും ശൈഖ് അഹമദ് ഖസ്‌റജിയെ അവിശ്വസിക്കണമെന്ന് പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? എങ്കില്‍ ഈ അവിശ്വസനീയതയക്കുറിച്ച് എന്ത് കൊണ്ട് അദ്ദേഹത്തോട് തന്നെ ആരാഞ്ഞ് കൂടാ?

ഏറ്റവും ഒടുവില്‍ ശൈഖ് ഖസ്‌റജി വ്യാജനാണെന്ന് തെളിയിക്കുന്നതിന് അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരന്റെ കത്ത് ഡോ. നദ്‌വി പുറത്തിറക്കിയിരിക്കുന്നു. അപ്പോള്‍ ശൈഖ് അഹമദ് ഖസ്‌റജി വ്യാജന്‍. ജ്യേഷ്ഠ സഹോദരന്‍ സത്യസന്ധന്‍. ഇത് എങ്ങനെ സംഭവിച്ചു? കേശദാതാവിന്റെ സനദ് തന്നെയാണ് കത്തിന്റേയുമെന്ന് നദ്‌വി പറയുന്നുണ്ട്. എങ്കില്‍ ഒരേ പിതാവിന്റെ രണ്ട് മക്കളില്‍ ഒരാള്‍ പറയുന്നത് വിശ്വസനീയവും അപരന്റേത് അവിശ്വസനീയവുമായതെങ്ങനെ? അപ്പോള്‍ സനദല്ല വിഷയം. പള്ളിയാണ് വിഷയം. നാല്‍പത് കോടിയുടെ പള്ളി.

> അഹമദ് ഖസ്‌റജി കാന്തപുരത്തെ തിരുകേശമേല്‍പ്പിക്കുന്നത് സ്വകാര്യമായല്ല. ലക്ഷങ്ങള്‍ നോക്കിനില്‍ക്കെയാണ്. ഈജിപ്ത് ഗ്രാന്റ് മുഫ്തി ഉള്‍പ്പെടെ രാജ്യാന്തര പ്രശസ്തരായ പണ്ഡിതന്മാര്‍ അണിനിരന്ന വേദിയില്‍ വെച്ചായിരുന്നു. അഹമദ് ഖസ്‌റജി യു എ ഇയില്‍ ഇന്നും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹവുമായി ബന്ധപ്പെടാന്‍ നിരവധി മാര്‍ഗങ്ങളുണ്ട്. ചെമ്മാട് സര്‍വകലാശാലയില്‍ നിന്ന് തന്നെ പലരും അവിടം സന്ദര്‍ശിച്ചതും ഒരു മുടി നാരിന് വേണ്ടി കെഞ്ചി നോക്കിയതുമാണ്. എന്തുകൊണ്ട് അവിടം വരേ പോയി കാന്തപുരത്തെ ഏല്‍പ്പിച്ച തിരുകേശത്തിന്റെ ആധികാരികതയെ കുറിച്ച് ഇവര്‍ക്ക് ഖസ്‌റജിയുമായി സംസാരിച്ചുകൂടാ? പക്ഷേ, അപ്പോള്‍ വിവാദം തീരുമല്ലോ? അങ്ങനെ പിന്‍മാറാന്‍ പറ്റുന്നതാണോ വിഷയം? ഇന്ത്യയിലെ ഏറ്റവും വലിയ പള്ളി കാന്തപുരം നിര്‍മിക്കുകയോ? ഇതാണ് വിവാദത്തിന്റെ മര്‍മം.

സൂറത്തുല്‍ ഫാത്തിഹ...

അബ്ദുസ്സലാം സഖാഫി വെള്ളലശ്ശേരി

സൂറത്തുല്‍ ഫാത്തിഹ: അതറിയാത്ത മുസ്‌ലിമില്ല. സര്‍വലോക സംരക്ഷകനായ അല്ലാഹു, ഒട്ടുവളരെ മഹത്വങ്ങള്‍ നല്‍കി, വിശുദ്ധ ഖുര്‍ആനിന് സമാരംഭം കുറിച്ച അധ്യായമാണത്. ഖുര്‍ആനില്‍ 114 അധ്യായങ്ങളില്‍ അതിശ്രേഷ്ഠമാണ് ഫാത്തിഹ. അത വതരിപ്പിക്കാന്‍ ഒരു പ്രത്യേക കവാടം തന്നെ ആകാശത്ത് പടച്ചവന്‍ തുറന്നു. ഭൂമിയിലേക്ക് അതിന് മുമ്പൊരിക്കലും ഇറങ്ങിയിട്ടില്ലാത്ത ഒരു പ്രത്യേക മലക്കിന്റെ അകമ്പടിയോടെയാണ് അവതരിച്ചത്. ഒരിക്കല്‍ ജിബ്‌രീല്‍ (അ) നബി (സ) ക്കരികില്‍ ഇരിക്കുമ്പോള്‍ മുകളില്‍ നിന്ന് ഒരു ശബ്ദം കേട്ടു. മേല്‍പ്പോട്ടു നോക്കി, അപ്പോള്‍ ജിബ്‌രീല്‍ (അ) പ്രതികരണം. ഇന്നു മാത്രം ആകാശത്ത് തുറക്കപ്പെട്ട കവാടമാണത്. അതിലൂടെ ഒരു മലക്ക് ഇറങ്ങിയിരിക്കുന്നു. ഇന്നല്ലാതെ ആ മലക്ക് ഭൂമിയില്‍ ഇറങ്ങിയിട്ടില്ല. മലക്ക് വന്നു സലാം പറഞ്ഞിട്ട് പറഞ്ഞു മുമ്പൊരു നബിക്കും നല്‍കപ്പെടാത്ത രണ്ടു പ്രകാശങ്ങള്‍ നിങ്ങള്‍ക്ക് നല്‍കപ്പെട്ടിരിക്കുന്നു. നിങ്ങള്‍ സന്തോഷിക്കുക. സൂറത്തുല്‍ ഫാത്തിഹയും അല്‍ ബഖറ സൂറയുടെ അവസാനവുമാകുന്നു അവ.

മക്കയിലാണ് ഫാത്തിഹയുടെ അവതരണം. ഓരോ സൂക്തവും യുക്തിഭദ്രവും ആശയ സമ്പുഷ്ടവുമാണ്. നിരവധി പേരുകള്‍ ആ സൂറക്കുണ്ട്. ഫാതിഹ, കാഫിയ, വാഫിയ, ശാഫിയ, റുഖ്‌യ, സബ്ഉല്‍ മസാനി, ഉമ്മുല്‍ കിതാബ്, ഉമ്മുല്‍ ഖുര്‍ആന്‍, അല്‍ ഖുര്‍ആനുല്‍ അളീം തുടങ്ങിയവ ഉദാഹരണങ്ങള്‍. പേരുവര്‍ധന മഹത്വ വര്‍ധനയെ കുറിക്കുന്നു ആ സൂറത്തുകൊണ്ടുള്ള വിവിധ നേട്ടങ്ങള്‍ ഓരോ പേരും സൂചിപ്പിക്കുന്നു എല്ലാം നബി വചനങ്ങളില്‍ വന്നതുതന്നെ.

നിസ്‌കാരവുമായി ഗാഢ ബന്ധമാണ് ഫാത്തിഹക്കുള്ളത്. ദിനേന ചുരുങ്ങിയത് 17 തവണയെങ്കിലും ഓരോ മുസ്‌ലിമും ഫാത്തിഹ ഓതിയിരിക്കല്‍ നിര്‍ബന്ധമാണ്. ഇല്ലെങ്കില്‍ നിസ്‌കാരം സമ്പൂര്‍ണമല്ല. ശരിയല്ല. പടച്ചവന്റെ രണ്ട് പ്രശസ്തമായ നാമങ്ങള്‍ കൊണ്ടാണ് അതിന്റെ തുടക്കം. അഥവാ, റഹ്മാന്‍, റഹീം എന്നിവയാണവ.

ഫാത്തിഹക്കുശേഷം വരുന്ന ഖുര്‍ആനിലെ മുഴുവന്‍ നിര്‍ദേശങ്ങളും ആജ്ഞകളും നിരോധനങ്ങളും വിധിവിലക്കുകളും എല്ലാം എല്ലാം കാരുണ്യത്തിലധിഷ്ഠിതമാണെന്ന ശുഭ സൂചനയാണത് തരുന്നത്. അടിമയുടെയും ഉടമയായ പടച്ചവന്റെയും ഇടക്കുള്ള കാരുണ്യനിഷ്ഠമായ ബന്ധമാണ്. ഇസ്‌ലാമിന്റെ എല്ലാ അധ്യാപനങ്ങളിലും ഈ ഒരു കരുണാദ്രത പ്രകടമാകും. 'റഹ്മത്തി'നെ അല്ലാഹു നൂറ് ഭാഗങ്ങളാക്കി. അതില്‍ ഒരു ഭാഗം മാത്രമാണ് ഭൂമിയിലേക്കവന്‍ ഇറക്കിയത്. മനുഷ്യരും മറ്റു ജീവജാലങ്ങളും കാണിക്കുന്ന മുഴുവന്‍ കരുണകളും സ്‌നേഹങ്ങളും ഈ ഒരൊറ്റ ഭാഗത്തിന്റെ നിദര്‍ശനങ്ങളാണ്. ബാക്കി 99 ഭാഗങ്ങള്‍ പടച്ചവന്‍ സൂക്ഷിച്ചുവെച്ചിരിക്കുകയാണ് പരലോകത്ത് വിശ്വാസികള്‍ക്കുവേണ്ടി.

മനുഷ്യന്‍ കരുണയുടെയും ദയയുടെയും സന്ദേശങ്ങള്‍ ഉള്‍ക്കൊള്ളണം. തന്റെ ചുറ്റും വെറുപ്പും വിദ്വേഷവും അസൂയയും പകയും വഞ്ചനയും പരിഹാസവും ഉപേക്ഷിക്കണം. ഈ സൂക്തം പാരായണം ചെയ്യുന്നതുകൊണ്ടു മാത്രമായില്ല. അത് നല്‍കുന്ന പാഠം ഉള്‍ക്കൊള്ളണം. കുടുംബനാഥന്‍ ഭാര്യയോടും മക്കളോടും വ്യക്തി സമൂഹത്തോടും അയല്‍ക്കാരോടും തൊഴിലാളി സഹതൊഴിലാളികളോടും ഇങ്ങനെ തുടങ്ങി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവര്‍ തമ്മില്‍ വര്‍ത്തിക്കേണ്ടത് ദയാവായ്പുകളോടെയായിരിക്കണം. അതാണ് ഫാത്തിഹ പഠിപ്പിക്കുന്നത്. അതുകൊണ്ടൊക്കെത്തന്നെയാണ് നബി (സ) അബൂസഈദ്ബ്‌നുല്‍ മുഅല്ല (റ) യോട് പറഞ്ഞത്. വിശുദ്ധ ഖുര്‍ആനിലെ ഏറ്റം മഹത്തായ ഒരു സൂറ: നിനക്ക് ഞാന്‍ പഠിപ്പിച്ചുതരാം. അല്‍ ഹംദു... ആവര്‍ത്തിക്കപ്പെടുന്ന ഏഴ് സൂക്തങ്ങളാണത്. എനിക്ക് നല്‍കപ്പെട്ട മഹത്തായ ഖുര്‍ആനാകുന്നു.

പടച്ചവന്റെയും പടപ്പിന്റെയും ഇടക്കുള്ള ആത്മബന്ധമാണ് ഫാത്തിഹ തുറന്നിടുന്നത്, തിരുനബി (സ) പറയുന്നു. അല്ലാഹു പറഞ്ഞു: നിസ്‌കാരം (ഫാത്തിഹ) എന്റെയും അടിമക്കുമിടയില്‍ ഞാന്‍ പപ്പാതിയായി ഭാഗിച്ചിരിക്കുന്നു. എന്റെ ദാസന് അവന്‍ ചോദിച്ചതുണ്ട്. അല്‍ ഹംദു... എന്നടിമ പറഞ്ഞാല്‍ അല്ലാഹു പറയും, എന്റെ അടിമ എന്നെ സ്തുതിച്ചിരിക്കുന്നു. അര്‍റഹ്മാനി... എന്നു പറഞ്ഞാല്‍, എന്റെ അടിമ പുകഴ്ത്തിയെന്നും മാലികി... എന്നു പറഞ്ഞാല്‍, എന്നെ അടിമ മഹത്വപ്പെടുത്തിയെന്നും ഇയ്യാക്ക... എന്നോതിയാല്‍, ഇത് എന്റെയും അടിമക്കുമിടയിലുള്ളതാണ്. അടിമക്ക് ചോദിച്ചതുണ്ടെന്നും ഇഹ്ദിന... എന്നോതുമ്പോള്‍, ഇത് എന്റെ അടിമക്ക് മാത്രമുള്ളതാണ്. അവന്‍ ചോദിക്കുന്നത് അവനുണ്ടെന്നും അല്ലാഹു പറയുന്നു.

ഈ വിധം നിഷ്‌കളങ്കമായി ശരിയായ വിശ്വാസപൂര്‍വം അടിമ നിസ്‌കാരങ്ങളില്‍ ഫാത്തിഹ ഓതിയാല്‍ ഉടനെ പടച്ചവന്റെ പ്രതികരണമുണ്ടാകുമെന്നാണ് തിരുവചനം.

അടിമത്തത്തിന്റെയും വിനയത്തിന്റെയും വിത്തുകള്‍ ഹൃദയത്തില്‍ നട്ടുവളര്‍ത്തി, ദിവ്യബന്ധത്തിന്റെ രുചി ആസ്വദിക്കാന്‍ വിശ്വാസിയെ ഫാത്തിഹ പ്രാപ്തമാക്കുന്നു. പടച്ചവനോട് നേരിട്ടാണല്ലോ സംസാരം. ഖിബ്‌ലക്കു തിരിഞ്ഞു നിന്ന്, തലതാഴ്ത്തിവെച്ച്, വളരെ താഴ്മയോടെ പ്രപഞ്ചസൃഷ്ടാവിനോട് കാര്യങ്ങള്‍ പറയുകയാണ് ഫാത്തിഹയിലൂടെ. പ്രതിഫല നാളിന്റെ ഉടമ എന്നര്‍ഥം കുറിക്കുന്ന നാലാം സൂക്തം മനുഷ്യനെ കോരിത്തരിപ്പിക്കുന്നു. ഭയപ്പാടിന്റെയും നെരിപ്പോടിന്റെയും ആശങ്കകളുടെയും ഉല്‍കണ്ഠകളുടെയും ദിനനമാകുന്ന അന്ത്യനാള്‍, ചുരുങ്ങിയത് 17 തവണയെങ്കിലും ആവര്‍ത്തിച്ചാവര്‍ത്തിച്ച് ഓര്‍ക്കുന്ന വിശ്വാസിയെങ്ങനെ അപഥ സഞ്ചാരിയാകും? എങ്ങനെ അപരനെ ഉപദ്രവിക്കും. ഇല്ല ഒട്ടുമില്ല ഈ പ്രാര്‍ഥനയും സ്തുതികീര്‍ത്തനവും ആത്മാര്‍ഥമെങ്കില്‍, ഉള്ളറിഞ്ഞതാണെങ്കില്‍, പക്ഷെ നഷ്ടമായതും അതു തന്നെ.

ഫാത്തിഹ ഒരൊന്നാന്തരം മന്ത്രമാണ്. ശരീരവേദനകള്‍ക്കും രോഗങ്ങള്‍ക്കും അതൊരു ശമനമാണ്. ആത്മീയ മരുന്നാണ്. മന്ത്രം എന്നര്‍ഥംവരുന്ന ഒരു പേരു തന്നെ (റുഖ്‌യ) നേരത്തെ പറഞ്ഞല്ലൊ. ഫാത്തിഹ ഓതി മന്ത്രിച്ചാല്‍ രോഗം മാറും. സമാധാനം ലഭിക്കും. അബുസഈദ് (റ) പറയുന്നു. യാത്രാവേള ഞങ്ങള്‍ ഒരിടത്ത് ഇറങ്ങി. അപ്പോള്‍ ഒരു സ്ത്രീ വന്നിട്ട് പറഞ്ഞു. ഗോത്ര നേതാവ് പാമ്പുകടിയേറ്റു കിടക്കുകയാണ്. നിങ്ങളുടെ കൂട്ടത്തില്‍ മന്ത്രിക്കാനാരെങ്കിലും? അപ്പോള്‍ ഞങ്ങളില്‍ ഒരാള്‍ അവള്‍ക്കൊപ്പം പോയി. അയാള്‍ക്ക് മന്ത്രിമറിയാമെന്ന് ഞങ്ങള്‍ ധരിച്ചിരുന്നില്ല. അദ്ദേഹം ഫാത്തിഹ ഓതി മന്ത്രിച്ചു. ഉടനെ അയാള്‍ സുഖം പ്രാപിച്ചു. അവര്‍ പാരിതോഷികമായി ആടുകളെ നല്‍കി. ഞങ്ങള്‍ക്ക് അവര്‍ പാല് കുടിക്കാനും തന്നു. നിനക്ക് മന്ത്രിക്കാനറിയാമായിരുന്നോ? ഞങ്ങള്‍ ചോദിച്ചു. അദ്ദേഹം പറഞ്ഞു, 'ഞാന്‍ ഫാത്തിഹയല്ലാതെ മറ്റൊന്നും മന്ത്രിച്ചിട്ടില്ല'. ഞാന്‍ പറഞ്ഞു, നബി (സ) യുടെ അടുത്തുചെല്ലുന്നതുവരെ ആടുകളെ ഒന്നും ചെയ്യേണ്ട. അങ്ങനെ ഞങ്ങള്‍ പ്രവാചക സന്നിധിയിലെത്തി കാര്യങ്ങള്‍ പറഞ്ഞു. അവിടുന്ന് പ്രതിവചിച്ചു. അത് മന്ത്രമാണെന്ന് അയാളെങ്ങനെ അറിഞ്ഞു. ആടുകളെ ഓഹരി വെച്ചോളൂ. എനിക്കും ഒരു വിഹിതം തരൂ. സൂറത്തുല്‍ ഫാത്തിഹയുടെ മന്ത്ര മഹത്വമാണിവിടെ കണ്ടത്.

ഫാത്തിഹയെക്കുറിച്ച് മുഴുവന്‍ മുസ്‌ലിംകളും പഠിക്കണം. കൂടുതല്‍ ആഴത്തില്‍ പഠിച്ചാല്‍ പലതുണ്ട് നേട്ടം. വിശ്വാസികള്‍ ജാഗ്രതൈ!